## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 962 | 12.12.2012 ന് മറുപടിയ്ക്ക്.

### *മാടായി ഐ.ടി.ഐ. കെട്ടിട നിർമ്മാണം*

| *ചോദ്യം* | *ഉത്തരം* |
| --- | --- |
| ശ്രീ. റ്റി. വി. രാജേഷ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഐ.ടി.ഐ. കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;<br><br>(ബി) ഐ.ടി.ഐ. കെട്ടിട നിർമ്മാണം എത്രയുംവേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ***(എ & ബി)*** മാടായി ഐ.ടി.ഐ. യുടെ കെട്ടിട നിർമ്മാണം നടന്നുകൊണ്ടിരിക്കെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉന്നയിച്ച് തിരുവർകാട് കാവ് ദേവസ്വം, പയ്യന്നൂർ സബ്കോടതിയിൽ കേസ് ഫയൽ ചെയ്ത് സ്റ്റാറ്റസ്കോ നിലനിർത്താനുള്ള കോടതിവിധി സമ്പാദിച്ചതിനെ തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങുകയുണ്ടായി. പ്രസ്തുത വിധിക്കെതിരെ ജില്ലാ കോടതിയിൽ അപ്പീൽ സമർപ്പിച്ച്, നിർമ്മാണം തുടരുന്നതിന് വിധി നേടിയിരുന്നു. എന്നാൽ ജില്ലാ കോടതിവിധിക്കെതിരെ തിരുവർകാട്കാവ് ദേവസ്വം, ഹൈക്കോടതിയിൽ പരാതി സമർപ്പിക്കുകയും പരാതി മൂന്ന് മാസത്തിനുള്ളിൽ പരിശോധിച്ച് തീർപ്പ് കൽപ്പിക്കാൻ ഹൈക്കോടതി, തലശ്ശേരി ജില്ലാകോടതിയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥലം സംബന്ധമായ അവകാശ രേഖകളുടെ പുനപരിശോധന നടന്നുവരുന്നു. കെട്ടിടം പണി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ